## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 704 07.01.2014 ൽ മറുപടിക്ക്

## ഇ-പേയ്മെന്റ് ഗേറ്റ്‌വേ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.വി. ഡി. സതീശൻ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഇ-പേയ്മെന്റ് ഗേറ്റ്‌വേ നിലവിൽ വന്നിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;<br>(സി) സർക്കാർ സേവനങ്ങൾക്കാവശ്യമായിവരുന്ന പണമിടപാടുകൾ ഓൺ ലൈനായി അടയ്ക്കാൻ എന്തെല്ലാം സൗകര്യങ്ങളാണ് ഇതിലുള്ളത്; വിശദമാക്കുമോ; | (ബി) & (സി) സർക്കാർ സേവനങ്ങൾ ഓൺ ലൈനായി പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന അവസരത്തിൽ അത്തരം സേവനങ്ങളുമായി ബന്ധപ്പെട്ട ഫീസുകളും മറ്റും ബാങ്കിൻെറ സഹകരണത്തോടെ ഓൺ ലൈനായി അടയ്ക്കുവാൻ സഹായിക്കുന്ന സംവിധാനമാണ് ഇ-പേയ്മെന്റ്. ഇ-പേയ്മെന്റ് ഗേറ്റ്‌വേ മുഖേന സംസ്ഥാന സർക്കാർ, ഭാരത സർക്കാർ, സർക്കാർ അനുബന്ധ സ്ഥാപനങ്ങൾ എന്നിവയിലേയ്ക്ക് ക്രെഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ്, ഓൺ ലൈൻ ബാങ്കിംഗ് എന്നിവയിലൂടെ പണമടയ്ക്കുന്നതിനുള്ള സംവിധാനമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇത് സർക്കാരിൻെറ ഇ-ഗവേണൻസ് പ്രവർത്തനങ്ങളുടെ വേഗത കൂട്ടുവാനും എല്ലാ |

പൗരൻമാർക്കും സർക്കാരുമായുള്ള പണമിടപാടുകൾ വേഗത്തിൽ ചെയ്യുവാനും സൗകര്യമൊരുക്കുന്നു.

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദമാക്കുമോ?

(ഡി) ഭാരത സർക്കാരിൻെറ കീഴിലുള്ള ഐ.ടി ഡിപ്പാർട്ടുമെൻറ് "pay gov India" എന്ന പേയ്മെന്റ് ഗേറ്റ്‌വേ സംവിധാനങ്ങൾക്കായി NDML എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെടുകയുണ്ടായി. കേന്ദ്ര സർക്കാർ നിർദ്ദേശാനുസരണം NDML Payment Gateway സേവനങ്ങൾ കേരളത്തിലും ഉപയോഗപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൻെറ ഭാഗമായി കേരള സർക്കാരിൻെറ സ്റ്റേറ്റ് പോർട്ടൽ / (SSDG) എന്നിവയെ NDML Gatewayയുമായി ബന്ധിപ്പിക്കുന്നതിനും NDMLമായി കരാറിൽ ഏർപ്പെടുന്നതിനും കേരളാ സ്റ്റേറ്റ് ഐ.ടി മിഷൻ ഡയറക്ടറെ സർക്കാർ ചുമതലപ്പെടുത്തിയിരുന്നു. ഇ-ഡിസ്ട്രിക്റ്റ് പോർട്ടലിനെ NDML Payment Gateway യുമായി അടിയന്തിരമായി ബന്ധിപ്പിക്കുവാൻ NIC യോട് ആവശ്യപ്പെട്ടിട്ടുമുണ്ട്.

സെക്ഷൻ ഓഫീസർ